(ബി) ഈ പദ്ധതി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെട്ടതാണെന്ന കാണിച്ചു വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) പമ്പാ വൈദ്യുതപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ മിക്കവാറും പൂർത്തിയായി. പമ്പാ ജലസേചനപദ്ധതിയുടെ ഇൻവെസ്റ്റിഗേഷനും 75 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) അപ്രകാരം നിവേദനങ്ങളും കിട്ടിയിട്ടുള്ളതായി കാണുന്നില്ല. എന്നാൽ പമ്പാവാലി ബഹുമുഖപദ്ധതി രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : ഈ രണ്ടു സ്കീമുകളും എന്നത്തേയ്ക്കു പൂർത്തിയാകും ?

ശ്രീ കെ. ഐ. വേലായുധൻ : അതിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. മത്തായി : ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ട് എത്ര നാളായി ?

ശ്രീ. കെ. ഐ. വേലായുധൻ : അധികമായിട്ടില്ല.

തൊഴിലാളികൾക്കു സഹായം.

* 573. [25] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) മേയ് 18-ാംനു കടൽക്ഷോഭംമൂലം തകർന്നുപോയ ചില കുടുംബസ്ഥന്മാർക്ക് സഹായധനം നൽകണമെന്നും, കടലിൽവച്ച് അപകടം പറ്റിയ തൊഴിലാളികൾക്ക് അടിയന്തിരാശ്വാസം നൽകണമെന്നും കാണിച്ചു വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) ഉണ്ട്.

(ബി) തകർന്നുപോയ ചില കുടുംബങ്ങൾക്കു നാമമാത്രമായി ഉപയോഗയോഗ്യമാക്കുന്നതിനു താഴെ പറയുന്നവിധം പലിശയില്ലാത്ത കടം അനുവദിച്ചിട്ടുണ്ട്.

ശ്രീമതി കുട്ടിദേവകി	30	0	0
മിസ്സിസ്സ്. രാമൻ	30	0	0
ശ്രീ. എൻ. കെ. വാസു			
,, ഭരതൻ വാസുദേവൻ	65	0	0
,, പാപ്പു കോരപ്പൻ	30	0	0
,, എച്ച്. വി. ആഷർ	60	0	0
ആകെ	215	0	0

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുംപുറമെ അപകടം പറ്റിയ തൊഴിലാളികൾക്കായി 2500 രൂപ ഗവണ്മെൻറിൽനിന്നും സഹായധനം നൽകി.

ശ്രീ. ആർ. സുഗതൻ : കടലിൽവച്ചു അപകടംപറ്റി മരിച്ചു പോയ ഒരു തൊഴിലാളിക്കു് ഗവണ്മെൻറിൽനിന്നും സഹായധനം വല്ലതും കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : സഹായധനം കൊടുത്തിട്ടുണ്ടു്.

കയർ അഡ്വൈസറി കമ്മിറ്റി.

* 574. [26] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. പി. ഗവണ്മെൻറ നിലവിലിരുന്ന കാലത്തു നിയമിച്ച കയർ അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണു്;

(സി) പ്രസ്തുത റിപ്പോർട്ട പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ, ബി, സി.) കയർ അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് 4-4-1955-ൽ ലഭിച്ചിട്ടുണ്ടു്. പ്രസ്തുത റിപ്പോർട്ട് അച്ചടിപ്പിച്ചു് 13 ണ. വിലവച്ചു തിരുവനന്തപുരം ഗവണ്മെൻറ പ്രസ്സിൽ വിൽക്കുന്നുണ്ടു്.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആ റിപ്പോർട്ടിൽ പറയുന്ന എല്ലാ സംഗതികളും നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. കുട്ടപ്പൻകോയിക്കൽ : എന്തുകൊണ്ടാണു് അതു നടപ്പിലാക്കാത്തതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇതുവരെ ആലോചിച്ചു തീരുമാനമെടുക്കാത്തതിൻറെ കാരണമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 4-4-1955-ൽ ആണു് റിപ്പോർട്ട ലഭിച്ചതു്. അന്നുമുതൽ 18-10-55 വരെ എത്രകാലം കഴിഞ്ഞു എന്നു ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ കണക്കാക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ റിപ്പോർട്ട പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടു ഇതുവരെ അതേപ്പറ്റി ആലോചിച്ചില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണു് ഇപ്പോൾ ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly